തെരുവുനായകളെ പേടിച്ച് വിദ്യാർഥികൾ

അഞ്ചരക്കണ്ടി ▸ തെരുവുനായ്ക്കളെ പേടിച്ച് വഴിനടക്കാനാകാതെ വിദ്യാർഥികൾ. അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂൾ, അഞ്ചരക്കണ്ടി എ.ഇ.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർഥികളാണ് തെരുവുനായ ശല്യംകൊണ്ട് പ്രയാസപ്പെടുന്നത്.

രാവിലെയും വൈകിട്ടും നിരവധി തെരുവുനായ്ക്കളാണ് സ്കൂളിന് സമീപത്തെ റോഡുകളിൽ അലഞ്ഞുനടക്കുന്നത്. നായകളെ കാണുമ്പോൾ ചെറിയ കുട്ടികൾ ഓടുകയും അവർക്ക് പിറകെ നായയും. പലപ്പോഴും മുതിർന്നവരോ സ്കൂൾ അധ്യാപരോ എത്തിയാണ് ഇവരെ രക്ഷപ്പെടുത്തുന്നത്.

നിരവധി കുട്ടികൾ ഇതുവരെ നായ്ക്കളെ കണ്ട് ഓടി വീണ് പരിക്കേറ്റിട്ടുണ്ട്. പലേരി അമ്പലക്കുളത്തിന്റെ പരിസരങ്ങളിലും താഴെ കാവിയമ്പല ഭാഗത്തെ നടക്കാൻ റോഡിലും തെരുവുനായകൾ കൂട്ടംകൂടി സഞ്ചരിക്കുന്നുണ്ട്.

സ്കൂളിനടുത്തുള്ള റോഡുകളുടെ വശങ്ങളിൽ കാടുമുറിഞ്ഞിട്ടുണ്ട്. ഇതിനടുത്ത കനാലിലും കാടും മാലിന്യവുമുണ്ട്. ഇവിടം തെരുവുനായ്ക്കളുടെ വിഹാരകേന്ദ്രമാണ്. രണ്ട് സ്കൂളിലുമായി 3000-ലധികം കുട്ടികളുണ്ട്. ഇതിൽ വലിയൊരു ഭാഗം വിദ്യാർഥികളും ഈ വഴികളെ ആശ്രയിക്കുന്നവരാണ്.

തെരുവുനായ്ക്കളെ നിയന്ത്രിക്കണമെന്നും കുട്ടികളുടെ ജീവിതവുമായി നടപടി വേണമെന്നും രക്ഷിതാക്കളും അധ്യാപകരും ആവശ്യപ്പെട്ടു. പ്രഭാതസവാരിക്കാരെയും തെരുവുപട്ടികൾ ശല്യം ചെയ്യുന്നുണ്ട്. തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവരുടെ എണ്ണവും കൂടിവരികയാണ്. ഇരുചക്ര വാഹനങ്ങൾക്കും ഇവ ഭീഷണിയാകുന്നുണ്ട്.

കാവിയുലയിൽ വിദ്യാർഥികൾ സഞ്ചരിക്കുന്ന സേഫ് കൈയടക്കി തെരുവുനായകൾ

നടപടി വേണം

സ്കൂൾ കുട്ടികൾക്കും മുതിർന്നവർക്കും തെരുവുനായകൾ ഭീഷണിയായി മാറിയിട്ടുണ്ട്. സ്കൂളിലേക്കുള്ള വഴി സുരക്ഷിതമാക്കാനും സമീപത്തെ കാട് വെട്ടിനീക്കിക്കാനും തെരുവുനായകളെ നിയന്ത്രിക്കാനും അടിയന്തര നടപടി വേണം.

പി.വി. ജ്യോതി
പ്രഥമാധ്യാപിക, അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂൾ

പൈപ്പിടാനെടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരന് പരിക്ക്

നാറാത്ത് ▸ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടാനെടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രക്കാരന് പരിക്ക്. നാറാത്ത് സഹകരണ ബാങ്ക് ജീവനക്കാരനായ പി. സുധീശിനാണ് (40) പരിക്കേറ്റത്.

നാറാത്ത് മാലോട്ടെ മഞ്ചപ്പാലം ക്വാർട്ടേഴ്സിനു സമീപത്താണാണ് അപകടം നടന്നത്. കണ്ണാടിപ്പറമ്പ് പള്ളിയിലേക്ക് പോകുന്നതിനിടയാണ് അപകടം നടന്നത്. ബൈക്കിൽനിന്ന് റോഡിനു കുറുകെയുണ്ടാക്കിയ കുഴിയിലേക്ക് തെന്നിവീഴുകയായിരുന്നു.

കാലിന് മുകളിലേക്ക് ബൈക്ക് വീഴുകയായിരുന്നു. സാരമായി പരിക്കേറ്റതിനെത്തുടർന്ന് കണ്ണൂരിലെ സ്വകാര്യ ആശുത്രിയിലെത്തിച്ച് ചികിത്സ നടത്തുകയാണ് സുധീഷ്.

ഇന്നത്തെ പരിപാടി

- **അഴീക്കോട് ഹയർസെക്കൻഡറി സ്കൂൾ അങ്കണം** സ്കൂളിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി എച്ച്.എസ്., എച്ച്.എസ്.എസ്. വിദ്യാർഥികൾക്ക് ക്വിസ് മത്സരം 2.00
- **ചിറക്കൽ കടലായി ശ്രീകൃഷ്ണക്ഷേത്രം** സമ്പൂർണ കൃഷ്ണഗാഥാ പാരായണം. രാവിലെ 7.30 മുതൽ
- **കണ്ണൂർ ജവാഹർ ലൈബ്രറി ഓഡിറ്റോറിയം** ജവാഹർ ലൈബ്രറിയും കണ്ണൂർ ആകാശവാണിയും സംയുക്തമായി നടത്തുന്ന പി.ഭാസ്കരൻ ജന്മശതാബ്ദിയുടെ മൂന്നാമത്തെ പരിപാടി. സി.വി.ബാലകൃഷ്ണന്റെ പ്രഭാഷണവും 'ഇരുട്ടിന്റെ ആത്മാവ്' സിനിമാപ്രദർശനവും. 3.30

പണാന്നേരി ദിവക്ഷേത്രത്തിൽ ശ്രീകോവിൽ പുനർനിർമാണത്തിന്റെ ഭാഗമായുള്ള ഷഡധാര പ്രതിഷ്ഠാചടങ്ങ്

കാന്റീൻ ബ്ലോക്ക് ഉദ്ഘാടനം ചെയ്തു

അഞ്ചരക്കണ്ടി ഹയർ സെക്കൻഡറി സ്കൂളിൽ കാന്റീൻ ബ്ലോക്കിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ നിർവഹിക്കുന്നു

കാവിയുല ▸ അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിൽ നിർമിച്ച കാന്റീൻ ബ്ലോക്കിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ നിർവഹിച്ചു. അഞ്ചരക്കണ്ടി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.പി.ലോഹിതാക്ഷൻ അധ്യക്ഷത വഹിച്ചു.

ജില്ലാപഞ്ചായത്തംഗം ചന്ദ്രൻ കല്ലാട്ട്, തലശ്ശേരി ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എം.നാരേന്ദ്രൻ, പി.എം.മോഹനൻ, അഞ്ചരക്കണ്ടി ഗ്രാമപ്പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.അനിൽകുമാർ, അഞ്ചരക്കണ്ടി എജുക്കേഷണൽ സൊസൈറ്റി പ്രസിഡന്റ് എം.വി.ദേവദാസ്, എ.ഇ.എസ്. സെക്രട്ടറി പി. മുകുന്ദൻ, കെ.ബാബുരാജ്, പി.ദാസൻ, ടി.പ്രകാശൻ, പി.അജയൻ തുടങ്ങിയവർ സംസാരിച്ചു.

കെ.എസ്.എസ്.പി.യു. മുണ്ടേരി യൂണിറ്റ് കൺവെൻഷൻ

കൂടുക്കിമെട്ട ▸ കെ.എസ്.എസ്.പി.യു. (കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ) മുണ്ടേരി യൂണിറ്റ് കൺവെൻഷൻ ജില്ലാ സെക്രട്ടറി വി.പി.കിരൺ ഉദ്ഘാടനം ചെയ്തു. പട്ടൻ ഭാസ്കരൻ അധ്യക്ഷത വഹിച്ചു.

പി.കെ.ഗംഗാധരൻ നമ്പ്യാർ, കെ.വിജയൻ, പി.കെ.പദ്മനാഭൻ എന്നിവരെ ബ്ലോക്ക് സെക്രട്ടറി കെ.ബാലൻ ആദരിച്ചു. പി.മഹേഷ്കുമാർ, പി.വിജയകുമാരി, കെ.ഉമാവതി, വി.പുരുഷോത്തമൻ, പി. രാജീവൻ എന്നിവർ സംസാരിച്ചു.

മാലിന്യമുക്തം നവകേരളം ശില്പശാല

ചക്കരക്കല്ല് ▸ ചെമ്പിലോട് ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ മാലിന്യമുക്ത നവകേരളം പഞ്ചായത്തുതല ശില്പശാല ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സി.പ്രസീത അധ്യക്ഷത വഹിച്ചു.

പി.എം. ബിന്ദു, ഇ. മോഹനൻ, നിഷ രാജൻ, കെ.വി. സിജി, ജി. സന്തോഷ് കുമാർ, കെ. സുരേശൻ, ഡി. ജിഷ, കെ. പ്രസീത, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എം.കെ. മോഹനൻ, എം.സി. രതീശൻ, എം. മുസ്തഫ എന്നിവർ സംസാരിച്ചു.

മയ്യിൽ ഗവ. ഹൈസ്കൂളിന് ജയം

മയ്യിൽ ▸ രണ്ടുദിവസങ്ങളിലായി സംഘടിപ്പിച്ച തളിപ്പറമ്പ് സൗത്ത് ഉപജില്ലാ സ്കൂൾ റെയിൻസ് സമാപിച്ചു. മയ്യിൽ ഇടച്ചില് മാധവൻ നമ്പ്യാരിൽ സ്മാരക গവ. ഹയർസെക്കൻഡറി സ്കൂൾ വിജയിക്കുകയാണ്. ഫുട്ബോൾ അണ്ടർ 17 ഗേൾസ്, അണ്ടർ 19 ബോയ്സ്, അണ്ടർ 17 ബോയ്സ് എന്നിവയിൽ വിജയിയും അണ്ടർ 14 ഗേൾസിൽ റണ്ണറപ്പുമായി. രണ്ടാം സ്ഥാനം കമ്പിൽ മാപ്പില ഹയർസെക്കൻഡറി സ്കൂളിന് ലഭിച്ചു.

ആർട്ട് എക്സ്പോ 2024

അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂൾ ആർട്ട് ക്ലബ് സംഘടിപ്പിച്ച ആർട്ട് എക്സ്പോയിൽനിന്ന്

അഞ്ചരക്കണ്ടി ▸ അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂൾ ആർട്ട് ക്ലബ്, ആർട്ട് എക്സ്പോ സംഘടിപ്പിച്ചു. പാഴ്വസ്തുക്കൾകൊണ്ട് നിർമിച്ച കരകൗശല ഉത്പന്നങ്ങളും വെജിറ്റബിൾ പ്രിന്റിങ്, ആരതണം നിർമാണം, ബോട്ടിൽ ആർട്ട്, അക്രിലിക് പെയിന്റിങ് എന്നിവയും പ്രദർശിപ്പിച്ചു.

ചിത്രകാല അധ്യാപകൻ കെ. സനേഷ് നേതൃത്വം നൽകി. സ്കൂൾ പ്രിൻസിപ്പൽ ഒ.എം. ലീന ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപിക പി.വി. ജ്യോതി, മാനേജർ വി.പി. കിഷോർ എന്നിവർ പങ്കെടുത്തു.

സീറ്റൊഴിവ്

തോട്ടട ▸ ശ്രീനാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ പുതുതായി അനുവദിച്ച ബി.ബി.എ. കോഴ്സിൽ സീറ്റൊഴിവുണ്ട്. ശനിയാഴ്ച അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം എത്തണം. ഫോൺ : 9895271047.

മുണ്ടേരിയിൽ അഡ്വാൻസ്ഡ് ശാസ്ത്രമ്യൂസിയം ഒരുങ്ങുന്നു

ചക്കരക്കല്ല് ▸ മുണ്ടേരി গവ. ഹയർസെക്കൻഡറി സ്കൂളിൽ ശാസ്ത്രമ്യൂസിയം ഒരുങ്ങുന്നു. ഉത്തരമലബാറിലെ വിദ്യാർഥികൾക്ക് പ്രയോജനപ്പെടുന്ന തരത്തിലാണിത്. 10 കോടി രൂപയാണ് ചെലവ്. മ്യൂസിയത്തിന്റെ കെട്ടിടപണി പൂർത്തിയായി.

പ്ലാനറേറ്റോറിയം ഉംപ്പെടെയുള്ള അനുബന്ധ ഭാഗങ്ങളും പൂർത്തിയായി. ഡിജിറ്റൽ പ്രദർശനത്തിനും അകത്തെ സജ്ജീകരണങ്ങൾക്കും ആവശ്യമായ ഉപകരണങ്ങളും എത്തുന്നതോടെ മ്യൂസിയം പ്രവർത്തനസജ്ജമാകും. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.അനിൽകുമാർ, അഞ്ചരക്കണ്ടി എജുക്കേഷണൽ സൊസൈറ്റി പ്രസിഡന്റ് എം.വി.ദേവദാസ്, എ.ഇ.എസ്. സെക്രട്ടറി പി. മുകുന്ദൻ, കെ.ബാബുരാജ്, പി.ദാസൻ, ടി.പ്രകാശൻ, പി.അജയൻ തുടങ്ങിയവർ സംസാരിച്ചു.

കേരള ഗവ. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് മെമ്പർ സെക്രട്ടറി ഡോ. സാബു അബ്ദുൽ ഹമീദ് സ്കൂളിലെ വിദ്യാർഥികളുമായി സംവദിക്കുന്നു

സ്കൂൾ വകുപ്പ് മെമ്പർ സെക്രട്ടറി ഡോ. സാബു അബ്ദുൽഹമീദ് സംസാരിച്ചു. സ്കൂൾ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളും സ്കൂളിലെ മുഖ്യ പദ്ധതിയുടെ അനുബന്ധ പ്രവർത്തനങ്ങളും വിലയിരുത്തി.

തുടർന്ന് നടന്ന യോഗത്തിൽ കണ്ണൂർ സർവകലാശാലയിലെ ഡോ. പ്രിയ വർഗീസ്, സ്കൂൾ പ്രിൻസിപ്പൽ എം.മനോജ് കുമാർ, പ്രഥമാധ്യാപകൻ കെ.വേണു, മുഖ്യ വിദ്യാഭ്യാസസമിതി ജനറൽ കൺവീനർ പി.പി.ബാബു, പി.ടി.എ. പ്രസിഡന്റ് പി.സി.ആസിഫ്, നിർമിതി കേന്ദ്ര പ്രോജക്ട് മാനേജർ ജയേഷ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

തിരഞ്ഞെടുക്കപ്പെട്ട ശാസ്ത്രവിദ്യാർഥികളുമായി ഡോ. സാബു അബ്ദുൽഹമീദ് സംവദിച്ചു.

വൈറ്റ്ഗാർഡ് അംഗങ്ങൾക്ക് ആദരവും ഉപകരണവിതരണവും

കൊളച്ചേരി ▸ വയനാട്ടിലെ ഉരുംപൊട്ടലുണ്ടായ മേഖലകളിൽ ദിവസങ്ങളോളം സേവനം നിർവഹിച്ച കൊളച്ചേരി പഞ്ചായത്ത് മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ് അംഗങ്ങൾക്ക് ആദരസമർപ്പണവും ഉപകരണങ്ങളുടെ വിതരണവും നടത്തി.

കമ്പിൽ ടാക്കീസ് റോഡിനുസമീപം നടന്ന ചടങ്ങിൽ യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങളാണ് ഉദ്ഘാടനം ചെയ്തു.

യൂത്ത് ലീഗ് കൊളച്ചേരി പഞ്ചായത്ത് പ്രസിഡന്റ് മൺസൂർ പാമ്പുരുത്തി അധ്യക്ഷത വഹിച്ചു.

ലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുല്ലംകരീം ചേലേരി, സെക്രട്ടറി പി.സി.നസീർ, കൊളച്ചേരി പഞ്ചായത്ത് പ്രസിഡന്റ് കെ.പി.അബ്ദുറഹ്മാൻ, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ബി.പി. അഹമ്മദ്, മുസ്തഫ കോടിപ്പൊയിൽ, ഷംസീർ മയ്യിൽ, ഷഫീഖ് കുപ്പം, ഇനൈസ് എരുവട്ടി, എം .അബ്ദുറഹ്മാൻ അസീസ്, ആറ്റക്കോയ തങ്ങൾ പാട്ടയം, ജാബിർ പാട്ടയം, ടി.പി.നിയാസ് എന്നിവർ സംസാരിച്ചു.

കൊളച്ചേരി പഞ്ചായത്ത് മുസ്‌ലിം ലീഗ് വൈറ്റ്ഗാർഡ് അംഗങ്ങൾക്ക് ആദരവും ഉപകരണങ്ങളുടെ വിതരണവും പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

തെരുവുവിളക്ക് കത്താത്തതിൽ പ്രതിഷേധം

മയ്യിൽ ▸ പഞ്ചായത്തിലെ നിരത്തോട്, തായംപൊയിൽ വാർഡുകളിലെ 25-ലധികം തെരുവുവിളക്കുകൾ അണഞ്ഞതിൽ പ്രതിഷേധം. നിരത്തോട് മുതൽ ചെറുവത്തലമൊട്ട വരെയുള്ള റോഡരികിലെയും നിരത്തോട് ചന്തമക്കുളം റോഡിലെയും തെരുവുവിളക്കുകളാണ് അഞ്ച് ദിവസങ്ങളായി കത്താതായത്. നാട്ടുകാർ വൈദ്യുതി സെക്ഷനിൽ അറിയിച്ചെങ്കിലും നടപടിയുണ്ടായില്ലെന്നാണ് പരാതി.

അനുശോചിച്ചു

അഴീക്കോട് ▸ മത്സ്യത്തൊഴിലാളി യൂണിയൻ സാരഥി പി.എം. രഘുനാഥിന്റെ നിര്യാണത്തിൽ കെ.പി.സുമേഷ് എം.എൽ.എ., മത്സ്യത്തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി എൻ.പി.ശ്രീനാഥ്, സി.പി.എം. കണ്ണൂർ ഏരിയ സെക്രട്ടറി കെ.പി.സുധാകരൻ, മുൻ എം.എൽ.എ. എം.പ്രകാശൻ തുടങ്ങിയവർ അനുശോചിച്ചു.

ആയില്യപൂജ

കണ്ണൂർ ▸ താളിക്കാവ് ഭഗവതി ക്ഷേത്രത്തിൽ ആയില്യപൂജ, നാഗപൂജ, നൂറുംപാലും എന്നിവ ഞായറാഴ്ച വൈകിട്ട് അങ്ങിന്ന് നടക്കും.

പ്രകടനം നടത്തി

കണ്ണൂർ ▸ അച്ചടി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും നേരത്തെ ലഭിച്ചതു പോലെ പെർഫോമൻസ് അലവൻസ്, എക്സ്ഗ്രേഷ്യ അലവൻസ് എന്നിവ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള എൻ.ജി.ഒ. യൂണിയൻ গവ. പ്രസ്സ് ഓഫീസിനു മുന്നിൽ പ്രകടനം നടത്തി.

യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എ.എം. സുജേഷ്, ജില്ലാ സെക്രട്ടറി എൻ. സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

ഗ്രാമീണ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ് പുനരാരംഭിക്കണം

മന്ത്രിക്ക് നിവേദനം നൽകി

ചാല ▸ ഗ്രാമീണ റൂട്ടുകളിൽ നിർത്തിവെച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കണമെന്ന് ആവശ്യം. യാത്രക്കുശേഷം നേരിട്ടോ റൂട്ടുകളിൽ ബസ് സർവീസ് വർധിപ്പിച്ചോ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിക്ക് നിവേദനം നൽകി.

കണ്ണൂർ ആസ്ത്രിയിൽനിന്ന് ചാല-മന്നയത്തുമൂല-ആറാട്ടപ്പ-ചക്കരക്കല്ല് റൂട്ടിൽ കെ.എസ്. ആർ.ടി.സി. ബസ് മുൻപ് ഓടിയിരുന്നു. ഇതിലൂടെ രണ്ട് സ്വകാര്യ ബസുകളും മുൻപ് സർവീസ് നടത്തിയിരുന്നു. എന്നാൽ, ഇത് പിന്നീട് നിന്നുപോയി. ഒരു ബസും ഇതിലൂടെ ഇപ്പോൾ ഓടുന്നില്ല.

ഈ റൂട്ടിൽ ജനങ്ങൾ യാത്രക്ലേശം നേരിടുകയാണ്. കണ്ണൂർ ഭാഗത്തേക്ക് പോകണമെങ്കിൽ ആളുകൾ ഓട്ടോറിക്ഷ പിടിച്ച് ചാലയിലെത്തണം. തിരിച്ചുപോകണമെങ്കിലും ഇതുതന്നെ അവസ്ഥ. ഇതിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കണമെന്നാവശ്യപ്പെട്ടാണ് നിവേദനം നൽകിയത്.

കണ്ണൂർ-കോയ്യോട്-ചക്കരക്കല്ല് റൂട്ടിലും ബസ് ഓടുന്നില്ല

▸ വർഷങ്ങളോളം സർവീസ് നടത്തിയിരുന്ന കണ്ണൂർ ആസ്ത്രി-ചാല-കോയ്യോട്-ചക്കരക്കല്ല് റൂട്ടിൽ നാലുവർഷമായി കെ.എസ്.ആർ.ടി.സി. ബസിന്റെ ഓട്ടംനിലച്ചിട്ട്. കോവിഡ് കാലം വരെ ബസ് ഓടിയിരുന്നു. രാവിലെ ആറിന് കണ്ണൂരിലേക്കുള്ള ടിപ്പ് തീവണ്ടിയാത്രക്കാർക്ക് അനുഗ്രഹമായിരുന്നു.

എന്നാൽ, സർവീസ് നിർത്തിയതോടെ യാത്രക്കാർക്ക് രാവിലെ കണ്ണൂരിലേക്കുള്ള യാത്ര ബുദ്ധിമുട്ടായി. കോയ്യോട് ഭാഗങ്ങളിലുള്ളവർ സ്വകാര്യ വാഹനങ്ങളെയും ഓട്ടോറിക്ഷകളെയുമാണ് ആശ്രയിക്കുന്നത്. രാത്രിയിലെ ടിപ്പ് കണ്ണൂരിൽനിന്ന് വരുന്നവർക്ക് അനുഗ്രഹമായിരുന്നു. ബസ് ഓടാത്തതുകൊണ്ട് രാത്രിയാത്രയും ജനം ബുദ്ധിമുട്ടുന്നു. ഈ ബസ് റൂട്ടും പുനഃസ്ഥാപിക്കണമെന്നാണ് ആവശ്യം.

വിലങ്ങാട് ദുരന്തത്തിൽപ്പെട്ടവർക്ക് സഹായവുമായി നേത്രരോഗ വിദഗ്ധർ

കണ്ണൂർ ▸ വിലങ്ങാട് വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും അവശതയനുഭവിക്കുന്നവർക്ക് വിദഗ്ദ്ധ സൗജന്യ നേത്രപരിശോധനയും ചികിത്സാക്യാമ്പും നടത്തി. കോംട്രസ്റ്റ് ചാരിറ്റബിം ട്രസ്റ്റ് ഐ ഹോസ്പിറ്റൽ ഇന്ത്യ ഓഫ്താൽമോളജിക്കൽ സൊസൈറ്റി, കേരള സൊസൈറ്റി ഓഫ് ഓഫ്താൽമിക് സർജൻസ് എന്നിവ ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

വിലങ്ങാട് സെയ്ന്റ് ജോർജ് ചർച്ച് പാരിഷ് ഹാളിൽ നടന്ന ക്യാമ്പിന് തലശ്ശേരി കോംട്രസ്റ്റ് ചാരിറ്റബിം ട്രസ്റ്റ് ഐ ഹോസ്പിറ്റലിൽ ചീഫ് സർജൻ ഡോ. ശ്രീനി എടക്കുടി നേതൃത്വം നൽകി. ക്യാമ്പിന്റെ ഉദ്ഘാടനം ഇ.കെ. വിജയൻ എം.എൽ.എ. നിർവഹിച്ചു. പരിശോധിച്ച 600 രോഗികൾക്ക് സൗജന്യമായി കണ്ണട നൽകും. സൗജന്യ പരിശോധനയും ശസ്ത്രക്രിയ ഉംപ്പെടെയുള്ള എല്ലാ നേത്രചികിത്സകളും ചാരിറ്റബിം ട്രസ്റ്റ് കണ്ണാശുത്രിയിൽ ഒരു വർഷത്തേക്ക് ലഭിക്കും. മേപ്പാടിയിലും ക്യാമ്പ് നടത്തി.

ആരോഗ്യ ബോധവത്കരണം

ചക്കരക്കല്ല് ▸ ഇരിവേരി സി.എച്ച്.സി. എ.കെ.ജി. മെമ്മോറിയൽ കോപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിങ് എന്നിവ ചേർന്ന് ഹെൽത്ത് എക്സ്പോയും ആരോഗ്യ ബോധവത്കരണവും നടത്തി. മെഡിക്കൽ ഓഫീസർ ഡോ.കെ.മായ ഉദ്ഘാടനം ചെയ്തു. എ.കെ.ജി. നഴ്സിങ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഷെല്ല മാത്യു അധ്യക്ഷത വഹിച്ചു. നഴ്സിങ് കോളേജ് വൈസ് പ്രിൻസിപ്പൽ അരുംഗം മുരുകൻ, അഡിമിനിസ്ട്രേറ്റീവ് ഓഫീസർ ടി. ജയതാരൻ, മുഹമ്മദ് സിനാൻ, ഹെൽത്ത് സൂപ്പർവൈസർ മനോജ്, ഹെൽത്ത് ഇൻസ്പെക്ടർ കെ.ടി. ബിന്ദു എന്നിവർ സംസാരിച്ചു. കലാപരിപാടികളും ഉണ്ടായിരുന്നു.

മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച് നവീകരണം ജനുവരിയിൽ പൂർത്തിയാകും -പി.എ. മുഹമ്മദ് റിയാസ്

നിർമാണം മന്ത്രി അവലോകനം ചെയ്തു

എടക്കാട് ▸ മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ ബീച്ചിന്റെ നവീകരണം അടുത്ത വർഷമാദ്യം പൂർത്തിയാക്കുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. പുതുവത്സര സമ്മാനമായിട്ടായിരിക്കും കേരളത്തിനിത് സമർപ്പിക്കുകയെന്നും അദ്ദേഹം പറഞ്ഞു. നവീകരണപ്രവൃത്തി നടക്കുന്ന മുഴപ്പിലങ്ങാട് ബീച്ചും, കെ.ടി.ഡി.സി. നിർമിക്കുന്ന ത്രീ സ്റ്റാർ ഹോട്ടൽ പരിസരവും സന്ദർശിച്ചു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

മന്ത്രി പി.എ. മുഹമ്മദ് റിയാസ് മുഴപ്പിലങ്ങാട് ബീച്ചിന്റെ നവീകരണ പ്രവൃത്തി വിലയിരുത്താനെത്തിയപ്പോൾ

ധർമടം-മുഴപ്പിലങ്ങാട് സമഗ്ര ടൂറിസം വികസനപദ്ധതിയുടെ ഭാഗമായി കിഫ്ബിയിൽ ഉംപ്പെടുത്തി 233.71 കോടി രൂപ ചെലവിലാണ് നവീകരണ പ്രവൃത്തി നടക്കുന്നത്. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ദുബായിലെ സിങ്കപ്പൂരിലും കാണുന്ന തിയിലാണ് പ്രവൃത്തി നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

കെ.ടി.ഡി.സി. ത്രീ സ്റ്റാർ റോട്ടൽ കൂടി യാഥാർഥ്യമാകുന്നതോടെ ഈ പ്രദേശത്തിന്റെ മുഖച്ഛായ മാറും.

ഏഴര്യിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് പ്രകൃതിസൗന്ദര്യം നിലനിർത്തി നാല് കിലോമീറ്റർ വാക് വേയും നിർമിക്കുന്നുണ്ട്. നാല് ഘട്ടങ്ങളിലായാണ് പ്രവൃത്തി നടത്തുന്നത്. നടപ്പാതയ്ക്ക് പുറമേ കുട്ടികൾക്കുള്ള കളിസ്ഥലം, ടോയ്‌ലറ്റുകൾ, കിയോസ്കുകൾ, ലാൻഡ് സ്കേപ്പിന് തുടങ്ങിയവയും ഒരുക്കുന്നുണ്ട്.

മുഴപ്പിലങ്ങാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ടി.സജിത, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ടി.സി.മനോജ്, ഡി.ടി.പി.സി. സെക്രട്ടറി ഖേ.കെ. ജിജേഷ് കുമാർ, ടൂറിസം ഇൻഫർമേഷൻ ഓഫീസർ കെ. സി. ശ്രീനിവാസൻ എന്നിവരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അഴീക്കൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള. ഫോൺ: +91 497 2710233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
ശാഖ. ഓഫീസ്: എസ്.ഐ.ബി. ഹൗസ്, ടി.സി. നോഡ്, തൃശ്ശൂർ-680001, കേരള. ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്റസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാരി: (1) **M/s മെട്രോ പ്ലസ് ഫൈപ്പർ മാർക്കറ്റ്,** പ്രതിനിധികളിലൂടെ കൈവശം പാർട്നർമാർ, കാസ മറീന ഷോപ്പിംഗ് സെന്റർ, തളാപ്പ്, കണ്ണൂർ, കേരള -670002 കൂടാതെ കാസ മറീന ഷോപ്പിംഗ് സെന്റർ, തളാപ്പ്, കണ്ണൂർ, കേരള -670004 & 37-124,125,128,129,133, മെട്രോ സ്കൈയർ, എസ്.എൻ.പാർക്ക് റോഡ്, ക